3117
9/2/18

# കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്- കണ്ണൂരിലെ ആറളം വന്യജീവി സങ്കേതത്തിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേട്- സർവ്വശ്രീ.ജി.ഹരികൃഷ്ണൻ നായർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എൻ.ഗോപാലൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി- ടിയാന്മാരെ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.472/2017/വനം തീയതി, തിരുവനന്തപുരം, 08.12.2017

---

പരാമർശം :- 1) 20.10.2014 ലെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഇ 12(VE 6/2013/NRK) 29841/2013 നമ്പർ കത്തും അനുബന്ധ റിപ്പോർട്ടും

2) 29.11.2014 ലെ വിജിലൻസ് (ഇ) വകുപ്പിന്റെ 13817/ഇ 4/14/വിജി നമ്പർ കത്ത്

3) 01.02.2016 ലെ 785/എ 1/2015/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

4) സർവ്വശ്രീ.ജി.ഹരികൃഷ്ണൻ നായർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എൻ.ഗോപാലൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5) 18.03.2017-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-3752/2015 നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂരിലെ ആറളം വന്യജീവി സങ്കേതത്തിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പരാമർശം (1), (2) ലെ വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സർവ്വശ്രീ.ജി.ഹരികൃഷ്ണൻ നായർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എൻ.ഗോപാലൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക്

താഴെപ്പറയുന്ന ചാർജ്ജുകൾക്ക് ലഘുശിക്ഷയുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും പരാമർശം (3) പ്രകാരം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i) The chainage mentioned in the estimate for the second reach of work of construction of protection wall contained wrong figures.

(ii) The Check measurements recorded for the foundation in Random Dry Rubble Masonry is not tallying with the estimate and Measurement Book.

Thereby they committed grave dereliction of duty.

(iii)

2) ടിയാന്മാർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (5) പ്രകാരം അഭിപ്രായമറിയിച്ചു.

3) ആറളം വന്യജീവി സങ്കേതവും ആറളം ഫാമിലെ ആദിവാസി പുനരധിവാസ മേഖലയും തമ്മിൽ അതിർത്തി പങ്കിടുന്ന പ്രദേശത്ത് 5.0652 കി.മീ. കരിങ്കൽ ഭിത്തിയുടെ നിർമ്മാണമാണ് നടത്തിയത്. മേൽ പ്രവർത്തികളിൽ വളയംചാൽ മുതൽ 10-ാം ബ്ലോക്ക് വരെ നടത്തിയ 3 കി.മീ. പ്രവൃത്തിയുമായി ബന്ധപ്പെട്ടാണ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയത്.

4) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണക്കാക്കിയ ഒന്നാമത്തെ റീച്ചായ വളയംചാൽ മെയിൻഗേറ്റ് മുതൽ 9-ാം ബ്ലോക്ക് വരെയുള്ള 110 മീറ്റർ പ്രവൃത്തിക്ക് ആവശ്യമായ എസ്റ്റിമേറ്റ് 26.11.2011 തീയതിയിൽ വൈൽഡ് ലൈഫ് വാർഡൻ സമർപ്പിക്കുകയും ടി എസ്റ്റിമേറ്റ് 2011-12 സാമ്പത്തിക വർഷത്തിൽ അടങ്കൽ അംഗീകരിച്ച് നൽകുകയും ചെയ്തു. മേൽ പ്രവൃത്തി 07.02.2012 തീയതിയിൽ ആരംഭിക്കുകയും 08.03.2013 തീയതിയിൽ അവസാനിക്കുകയുമുണ്ടായി. എന്നാൽ വിജിലൻസ് കണക്കാക്കിയ രണ്ടാമത്തെ റീച്ചായ വളയംചാൽ മുതൽ 10-ാം ബ്ലോക്ക് വരെയുള്ള പ്രവൃത്തിക്ക് ആവശ്യമായ എസ്റ്റിമേറ്റ് വൈൽഡ് ലൈഫ് വാർഡൻ 06.11.2010 തീയതിയിൽ സമർപ്പിക്കുകയും അത് പാലക്കാട് വൈൽഡ് ലൈഫ് സർക്കിൾ ഓഫീസിൽ 2010-11 സാമ്പത്തിക വർഷത്തിൽ അടങ്കൽ റിവൈസ് ചെയ്ത് അംഗീകരിച്ച് നൽകുകയും 25.11.2011 തീയതിയിലെ വൈൽഡ് ലൈഫ് വാർഡന്റെ കത്ത് പരിഗണിച്ച് മേൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത 2011-12

സാമ്പത്തിക വർഷത്തിൽ അംഗീകരിച്ച് നൽകുകയുമുണ്ടായി. ഈ പ്രവൃത്തി 12.02.2011 ന് ആരംഭിച്ച് 11.10.2012 ന് അവസാനിച്ചു.

5) ആറളം ഫാമിലെ ആദിവാസി പുനരധിവാസ മേഖലയോട് ചേർന്ന് നടത്തിയ ഏഴ് റീച്ച് പ്രവൃത്തികളും കൂടി മൊത്തം 5.0652 കി.മീ. നീളമാണുള്ളത്. വൈൽഡ് ലൈഫ് വാർഡനും, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനും സമർപ്പിച്ച മറുപടിയിൽ, വിജിലൻസ് കണക്കാക്കിയ ഒന്നാമത്തെ റീച്ചായ വളയംചാൽ മെയിൻഗേറ്റ് മുതൽ 9-ാം ബ്ലോക്ക് വരെയുള്ള 110 മീറ്റർ പ്രദേശത്ത് പവർ ഫെൻസിംഗ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, തോടിന്റെ കട്ടിംഗ് എന്നിവയുണ്ടായിട്ടുള്ളതിനാൽ ടി ഭാഗത്തിന്റെ പ്രവൃത്തി തുടക്ക സമയത്ത് ഒഴിവാക്കിയെന്നും തുടർന്നുള്ള റീച്ചുകളുടെ പ്രവൃത്തി പുരോഗമിച്ച സമയത്ത് ആദ്യം ഒഴിവാക്കിയ സ്ഥലത്ത് ആനശല്യം കൂടുകയും ഏഴാമത്തെ റീച്ചായി കരിങ്കൽ ഭിത്തി നിർമ്മിക്കേണ്ടിയും വന്നു എന്ന വാദഗതി പരിഗണിക്കാവുന്നതാണ്.

6) മേൽ പ്രവൃത്തി സംബന്ധിച്ച മെഷർമെന്റ് ബുക്ക് പരിശോധിച്ചതിൽ ടി പ്രവൃത്തിയിൽ അപാകതകൾ കണ്ടെത്തിയ ഫൗണ്ടേഷൻ പ്രവൃത്തികളുടെ ഭൂരിഭാഗവും നടന്നിരിക്കുന്നത് വൈൽഡ് ലൈഫ് വാർഡനായ ശ്രീ.ജി.ഹരികൃഷ്ണൻ നായർ ചുമതലയേൽക്കുന്നതിന് മുമ്പാണ് (11.07.2011 നാണ് ടിയാൻ ടി ഓഫീസിൽ ജോലിയിൽ പ്രവേശിച്ചത്). ഫൗണ്ടേഷൻ പ്രവൃത്തികൾ മണ്ണിനടിയിൽ പോകുന്നതായതിനാൽ അവ പൂർണ്ണമായും പിന്നീട് അളവെടുക്കുന്നത് പ്രായോഗികവുമല്ല. ഇക്കാരണങ്ങളാൽ ശ്രീ.ജി.ഹരികൃഷ്ണൻ നായർ ഇക്കാര്യത്തിൽ സമർപ്പിച്ച മറുപടി അംഗീകരിക്കാവുന്നതാണ്.

7) വിജിലൻസ് അപാകതകൾ കണ്ടെത്തിയ രണ്ടാമത്തെ റീച്ച് പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചതും മെഷർമെന്റ് ബുക്ക് രേഖപ്പെടുത്തിയതും അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീ.എൻ.ഗോപാലനാണ്. ടി പ്രവൃത്തിയിൽ മെഷർമെന്റ് ബുക്കിലെ അളവുകളും ഫീൽഡിലെ അളവുകളും തമ്മിലുള്ള വ്യത്യാസത്തിന്റെ പ്രാഥമികമായ ഉത്തരവാദിത്തം ടിയാനാണ്. എന്നാൽ ആറളം വന്യജീവി സങ്കേതത്തിൽ നിലനിന്നിരുന്ന വന്യമൃഗങ്ങളും മനുഷ്യനും തമ്മിലുള്ള ഗുരുതരമായ സംഘർഷം പരിഹരിക്കുന്നതിന് വേണ്ടിയാണ് ഇത്തരത്തിലുള്ള ബൃഹത്തായ പദ്ധതി വനം വകുപ്പ് ഏറ്റെടുത്തത് എന്ന കാര്യവും ടി പ്രവൃത്തി നടപ്പിലാക്കുന്ന സമയത്ത് വൈൽഡ് ലൈഫ് വാർഡനും, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനും ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുവാൻ വനം വകുപ്പിൽ ഒരു

എഞ്ചിനിയറിംഗ് വിഭാഗമോ ആറളം ഡിവിഷനു കീഴിൽ ഒരു ഡ്രാഫ്റ്റ്സ്മാനോ ഇല്ലായിരുന്നു എന്ന കാര്യവും പരിഗണിക്കേണ്ടതാണ്.

8) ടി പ്രവൃത്തിയുടെ അവസാന ബിൽ നൽകിയ വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീ.ജി.ഹരികൃഷ്ണൻ നായർ ഭാവിയിലുണ്ടായേക്കാവുന്ന അപാകതകൾ പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 12,95,334/- രൂപ റിട്ടൻഷൻ മണിയായി കരുതിയിരുന്നതിനാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണക്കാക്കിയ നഷ്ടമായ 2,20,983/- രൂപ പൂർണ്ണമായും മേൽ പ്രവർത്തിയുടെ കോൺട്രാക്ടറായ ശ്രീ.സി.അബ്ദുൾ ഖാദർ ഹാജിയിൽ നിന്നും ഈടാക്കിയിട്ടുള്ളതാണ്. ഇക്കാരണങ്ങളാൽ മേൽ പ്രവൃത്തി മൂലം സർക്കാരിന് നഷ്ടം ഉണ്ടായിട്ടില്ലാത്തതാണ്.

9) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണക്കാക്കിയ രണ്ടാമത്തെ റീച്ച് പ്രവൃത്തി നടത്തിയ കാലയളവിലും പ്രവൃത്തി പൂർത്തീകരിച്ച ശേഷവും ടി പ്രദേശത്ത് ആറളം വന്യജീവി സങ്കേതത്തിൽ നിന്നു വന്യമൃഗങ്ങൾ മൂലം നിരന്തരമായ ശല്യമുണ്ടാവുകയും ചെയ്തിട്ടുള്ളതാണ്. മേൽ പ്രവൃത്തി നടപ്പിലാക്കുന്ന വേളയിൽ ഇത്തരത്തിൽ നിരന്തരമായ ശല്യമുണ്ടായതു മൂലമാണ് തുടക്കത്തിൽ 1.50 മീറ്ററായി നിശ്ചയിച്ചിരുന്ന കരിങ്കൽ ഭിത്തിയുടെ ഉയരം 1.8 മീറ്ററായി മാറ്റി പൂർത്തീകരിച്ചത്. അഞ്ചു വർഷം മുമ്പ് പൂർത്തിയാക്കിയ മേൽ പ്രവൃത്തിക്ക് നാളിതുവരെയായി യാതൊരു കേടുപാടുകളും സംഭവിച്ചിട്ടില്ലാത്തതുമാണ്. നിർമ്മാണ പ്രവർത്തികൾ നടത്തിയ ഏഴു റീച്ചുകളുടെ ആകെ നീളത്തിൽ വ്യത്യാസവുമില്ല. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണക്കാക്കിയ നഷ്ടം പൂർണ്ണമായും കോൺട്രാക്ടറിൽ നിന്നും ഈടാക്കിയതിനാലും, ചെയ്ത പ്രവൃത്തിയിൽ നിർമ്മാണ പിഴവുകൾ ഉള്ളതായോ സർക്കാർ ധനം ദുരുപയോഗം ചെയ്തതായോ നിലവിലും ടി ഭിത്തികളും മറ്റും കേടുപാടുകളില്ലാതെ ഉപയോഗപ്രദമായി നിൽക്കുന്ന സാഹചര്യത്തിൽ പ്രതിവാദ പത്രികകൾ പരിഗണിച്ച് ടിയാന്മാരെ ടി ചാർജ്ജുകളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്യുകയുണ്ടായി.

10) സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുമൊത്ത് വിശദമായി പരിശോധിച്ചു. ആറളം വന്യജീവി സങ്കേതത്തിൽ നിന്നും വന്യമൃഗങ്ങൾ ഇറങ്ങി ആദിവാസികളുടെ ജീവനും സ്വത്തിനും നിരന്തരമായി നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും വനം വകുപ്പിന് നിരന്തരമായി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്ത സാഹചര്യത്തിൽ വന്യജീവി പ്രശ്നങ്ങൾക്ക് പരിഹാരമാവുന്നതോടൊപ്പം

സങ്കേതത്തിന്റെ അതിർത്തികൾ സംരക്ഷിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് കരിങ്കൽ ഭിത്തിയുടെ നിർമ്മാണം നടപ്പിലാക്കിയത്. ടി പ്രവൃത്തി നടപ്പിലാക്കുന്ന സമയത്ത് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് വനം വകുപ്പിന് ഒരു എഞ്ചിനിയറിംഗ് വിഭാഗമോ ആറളം ഡിവിഷനു കീഴിൽ ഒരു ഡ്രാഫ്റ്റ്സ്മാനോ ഇല്ലായിരുന്നു. കൂടാതെ ടി പ്രവൃത്തിയിൽ സർക്കാർ നഷ്ടം ഉണ്ടായിട്ടുമില്ല. ടി ഭിത്തിക്ക് നാളിതുവരെയായി യാതൊരു കേടുപാടുകളും സംഭവിച്ചിട്ടില്ലാത്തതുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതു കൂടി കണക്കിലെടുത്ത് സർവ്വശ്രീ.ജി.ഹരികൃഷ്ണൻ നായർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എൻ.ഗോപാലൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.വേണു.വി.

പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
ശ്രീ. ജി.ഹരികൃഷ്ണൻ നായർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.എൻ.ഗോപാലൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേന)
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
വിജിലൻസ് (ഇ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ